## ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.

**(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)**

വിഷയം: കൊവിഡ് 19 – ഇടുക്കി ജില്ല - കൺടെയിൻമെൻറ് മേഖലകൾ വിജ്ഞാപനം/ വിടുതൽ ചെയ്യും കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും, ഉത്തരവാകുന്നു.

പരാമർശം :
1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 691/2020/DMD തീയതി 01.09.2020
3) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 30/09/2020 ലെ 40-3/2020-DM- I (A) നമ്പർ ഉത്തരവ്.
4) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 07/10/2020 തീയതിയിലെ അപേക്ഷ.

## ഉത്തരവ് നമ്പർ DCIDK/1640/2020 – DM1 (1) തീയതി: 07-10-2020

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംബന്ധിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ **31.10.2020** വരെ ദീർഘിപ്പിച്ചും ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ ഉൾപ്പെടുത്തേണ്ട/ ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ജില്ലയിൽ സമ്പർക്കം മൂലമുള്ള കോവിഡ് 19 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കണ്ടൈൻമെൻറ് മേഖലകളായി വിജ്ഞാപനം ചെയ്തിരുന്ന ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളിൽ/ പ്രദേശങ്ങളിൽ കൂടുതലായി സമ്പർക്കത്തിലൂടെയുള്ള കോവിഡ് 19 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത നിലവിലെ സാഹചര്യത്തിൽ **ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടൈൻമെൻറ് മേഖലകളിൽനിന്നും ഒഴിവാക്കി ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 30 (2) (v) പ്രകാരം ഉത്തരവാകുന്നു.**

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനം | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല |
|---|---|---|
| 1. | പള്ളിവാസൽ ഗ്രാമ പഞ്ചായത്ത് | 8-ാം വാർഡ് പൂർണ്ണം |

| | | |
|---|---|---|
| 2. | കുടയത്തൂർ ഗ്രാമ പഞ്ചായത്ത് | a)9 -ാം വാർഡ് പൂർണ്ണം.<br>b)8 -ാം വാർഡിലെ പള്ളിക്കവല മുസ്ലീം പള്ളി ജംഗ്ഷൻ മുതൽ അന്ധവിദ്യാലയം വരെയുള്ള തൊടുപുഴ - മൂലമറ്റം റോഡിന്റെ ഇരുവശവും |

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖലകളായി തുടരുന്നതാണ്.

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല |
|---|---|---|
| 1. | വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് | 1. 9 -ാം വാർഡ് പൂർണ്ണം<br>2. 6 - ാം വാർഡ് പൂർണ്ണം<br>3. 5 -ാം വാർഡിലെ വണ്ടിപ്പെരിയാർ ടൌൺ മുതൽ ചൂരക്കുളം ആറ്റോരം വരെയുള്ള ഭാഗം. |
| 2. | ദേവികുളം ഗ്രാമ പഞ്ചായത്ത് | 7-ാം വാർഡിലെ അരുവിക്കാട് സെൻട്രൽ ഡിവിഷൻ |
| 3. | മൂന്നാർ ഗ്രാമ പഞ്ചായത്ത് | a) 7-ാം വാർഡിൽ ഉൾപ്പെടുന്ന കണ്ണിമല ഫാക്ടറി ഡിവിഷൻ പൂർണ്ണമായും.<br>b) 19 -ാം വാർഡിൽ ഉൾപ്പെടുന്ന<br>1. എസ് ബി ഐ മൂന്നാർ ടൗൺ ബ്രാഞ്ച് മുതൽ ടാറ്റ ജനറൽ ഹോസ്പിറ്റൽ വരെയുള്ള മൂന്നാർ ടൗൺ - ടാറ്റ GH റോഡിന്റെ ഇരുവശവും<br>2. ബി എസ് എൻ എൽ ജംഗ്ഷൻ മുതൽ പഞ്ചായത്ത് ഓഫീസ് വരെയുള്ള മൂന്നാർ ടൗൺ - മൂന്നാർ പഞ്ചായത്ത് ഓഫീസ് റോഡിന്റെ ഇരുവശവും. |
| 4. | ആലക്കോട് ഗ്രാമ പഞ്ചായത്ത് | 11, 12 വാർഡുകളിൽ ഉൾപ്പെടുന്ന ആലക്കോട് - ഇഞ്ചിയാനി റോഡും ആലക്കോട് - തെക്കുംഭാഗം റോഡും തമ്മിൽ സന്ധിക്കുന്ന ജംഗ്ഷനിൽ നിന്നും ചെരുവിൽ സിറ്റി ജംഗ്ഷൻ വരെയുള്ള റോഡിന്റെ ഇരുവശവും (ശവക്കോട്ടപ്പാറ റോഡും ചെരുവിൽ സിറ്റി - ഇഞ്ചിയാനി LPS റോഡും ഉൾപ്പെടെ) |
| 5. | വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് | 1, 14 വാർഡുകൾ പൂർണ്ണം |
| 6. | മുട്ടം ഗ്രാമ പഞ്ചായത്ത് | 13 -ാം വാർഡിൽ ഉൾപ്പെട്ട<br>1. കളപ്പുര കോളനി ജംഗ്ഷൻ മുതൽ ഊരാക്കുന്ന് പള്ളി വരെയുള്ള ഇടപ്പള്ളി റോഡിന്റെ ഇടതുവശത്തുള്ള ഭാഗങ്ങൾ |

| | | |
|---|---|---|
| | | 2. ഊരാക്കുന്ന് പള്ളി ജംഗ്ഷൻ മുതൽ കോടതി ജംഗ്ഷൻ വരെയുള്ള തൊടുപുഴ - മൂലമറ്റം റോഡിന്റെ ഇടതുവശത്തുള്ള ഭാഗങ്ങൾ<br>3. കോടതി ജംഗ്ഷൻ മുതൽ കോടതിയിലേക്കുള്ള പാലം വരെ റോഡിന്റെ ഇടതുവശം |
| 7. | പെരുവന്താനം ഗ്രാമ പഞ്ചായത്ത് | 1. 11 -ാം വാർഡ് പൂർണ്ണം<br>2. 12 - ാം വാർഡിൽ ഉൾപ്പെടുന്ന കോട്ടപ്പാറ കുരിശടി ജംഗ്ഷൻ മുതൽ കളത്തിനാൽപ്പടി വരെയുള്ള റോഡിന്റെ ഇരുവശവും |
| 8. | മൂന്നാർ ഗ്രാമപഞ്ചായത്ത് | a) 9, 10, 13, 18, 19, 20 വാർഡുകളിൽ ഉൾപ്പെട്ട വരുന്ന മൂന്നാർ ടൌൺ ഏരിയ പൂർണ്ണമായും.<br>b) 18-ാം വാർഡ് പൂർണ്ണമായും. |

**കൺടെയിൻമെന്റ് മേഖലകൾ ഒഴികെയുള്ള ജില്ലയുടെ മറ്റ് മേഖലകളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ഇളവുകളും ബാധകമായിരിക്കുന്നതാണ്.**

ഈ ഉത്തരവിന് ഇന്നേ ദിവസം **(07.10.2020)** മുതൽ കണ്ടൈൻമെൻറ് മേഖലയിൽ നിന്നും പ്രസ്തുത കണ്ടൈൻമെൻറ്/ മൈക്രോ കണ്ടൈൻമെൻറ് മേഖലകളെ ഒഴിവാക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

7/10/20.

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)
8. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്